പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.542 22/05/2017-ൽ മറുപടിക്ക്

## പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക ഒഴിവ് നികത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ജോയി<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. എം.സ്വരാജ്<br>ശ്രീ. എൻ. വിജയൻ പിള്ള : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക ഒഴിവ് നികത്തുന്നതിനും ആവശ്യത്തിന് തസ്തിക സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ യഥാസമയം നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ഇതു സംബന്ധിച്ച് അറിയിപ്പ് നൽകുകയും, പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ട എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ വിജിലൻസ് സെല്ലിനെ കൊണ്ട് വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ പരിശോധിച്ച് എല്ലാ ഒഴിവുകളും പി.എസ്.സി യ്ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| (ബി) അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട അദ്ധ്യാപകരുടെ പുനർനിയമനത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) 29-1-2016 ലെ ജി.ഒ (പി) നമ്പർ 29/2016/പൊവിവ പ്രകാരം തസ്തിക നിർണ്ണയം, നിയമനാംഗീകാരം, അധിക അദ്ധ്യാപക-അനദ്ധ്യാപകരുടെ സംരക്ഷണം, പുനർവിന്യാസം എന്നിവ സംബന്ധിച്ച് സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിലെ 2011-12 മുതൽ 2015-16 വരെയുള്ള 5 വർഷങ്ങളിലെ തസ്തിക നിർണ്ണയം 2016 മെയ് മാസത്തോടെ പൂർത്തിയായി. ഈ തസ്തിക നിർണ്ണയത്തിലൂടെ അധികമെന്നു കണ്ടെത്തിയ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കുമാണ് ഇപ്പോൾ സംരക്ഷണം അനുവദിച്ചിട്ടുള്ളത്. ഈ |

സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റിനെയാണ് അദ്ധ്യാപക ബാങ്ക് എന്നു വിളിക്കുന്നത്. ഈ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട സംരക്ഷിത ജീവനക്കാരെ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് 05/08/2016-ലെ ജി.ഒ (പി) നമ്പർ 134/2016/പൊവിവ എന്ന ഉത്തരവിലൂടെ സർക്കാർ വ്യക്തവും വിശദവുമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ അദ്ധ്യാപക ബാങ്കിൽ നിന്നുള്ള സംരക്ഷിത ജീവനക്കാരെ എയ്ഡഡ് സ്കൂളുകളിലെ ഒഴിവുകളിൽ നിയമിക്കുന്നതു സംബന്ധിച്ച് 3-12-2016-ലെ ജി.ഒ (പി) നമ്പർ 199/2016/പൊവിവ പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ കുറവ് മൂലം നഷ്ടപ്പെട്ട തസ്തിക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; ഈ തസ്തികകളിലെ അദ്ധ്യാപകരുടെ ജോലി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) കണക്കാക്കിയിട്ടുണ്ട്. നിലവിൽ തസ്തിക നഷ്ടമായി അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണം 3737 ആണ്. ഇവരുടെ ജില്ലതിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. ഇവരെ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് 05/08/2016-ലെ ജി.ഒ (പി) നമ്പർ 134/2016/പൊവിവ എന്ന ഉത്തരവ് പ്രകാരം സർക്കാർ വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) ഹയർസെക്കന്ററി സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കാതിരുന്നത് മൂലം വേതനമില്ലാതെ ജോലിചെയ്യേണ്ടി വന്നിരുന്ന മൂവായിരത്തോളം വരുന്ന അദ്ധ്യാപകർക്ക് വേതനം നൽകാൻ നടപടിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ഡി) 2014-15, 2015-16 കാലയളവിൽ സംസ്ഥാനത്ത് അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്നതുവരെ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനാണ് 2014-ൽ സർക്കാർ ഉത്തരവായിട്ടുള്ളത്. അപ്രകാരം ഗസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്യുന്നവർക്ക് 31-10-2016 ലെ സ.ഉ (കൈ) നം. 185/2016/പൊവിവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വേതനം അനുവദിക്കുവാൻ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | അദ്ധ്യാപകർ | അനദ്ധ്യാപകർ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 395 | 12 | 407 |
| കൊല്ലം | 428 | 10 | 438 |
| പത്തനംതിട്ട | 192 | 4 | 196 |
| ആലപ്പുഴ | 212 | 9 | 221 |
| കോട്ടയം | 90 | 4 | 94 |
| ഇടുക്കി | 10 | 0 | 10 |
| എറണാകുളം | 302 | 10 | 312 |
| തൃശ്ശൂർ | 417 | 10 | 427 |
| പാലക്കാട് | 422 | 8 | 430 |
| മലപ്പുറം | 303 | 1 | 304 |
| കോഴിക്കോട് | 435 | 9 | 444 |
| വയനാട് | 11 | -- | 11 |
| കണ്ണൂർ | 377 | 4 | 381 |
| കാസർകോഡ് | 58 | 4 | 62 |
| **ആകെ** | **3652** | **85** | **3737** |

സെക്ഷൻ ഓഫീസർ